**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്-കൊച്ചി നഗരസഭ- എളംകുളം വില്ലേജ്- സർവ്വേ നമ്പർ 378,385/4,5,386/1,387/3,388/1,2,3,390/1,2,3,391 -ൽ ഉൾപ്പെട്ട അനധികൃത നിർമ്മാണം- കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം,2014—കോമ്പൗണ്ടിംഗ് ഫീസിൽ കുറവു വരുത്തി പുനർ നിർണ്ണയിച്ച് -- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 1547/16/തസ്വഭവ തീയതി തിരുവനന്തപുരം 27/04/2016

---

പരാമർശം:- 1) 14.2.14- ലെ സ.ഉ(എം.എസ്) നമ്പർ 39/2014/ തസ്വഭവ

2) 25.9.15 ലെ സ.ഉ(സാധാ) നമ്പർ 2916/15/ തസ്വഭവ

3) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം രാജീവ് ഗാന്ധി സ്പോർട്ട്സ് സെന്ററിന്റെ ചെയർമാൻ സമർപ്പിച്ച 12.10.15-ലെ പുന : പരിശോധന അപേക്ഷ.

ഉത്തരവ്

കൊച്ചി നഗരസഭയിൽ എളംകുളം വില്ലേജിലെ സർവ്വേ നമ്പർ 378, 385/4,5, 386/1, 387/3, 388/1,2,3, 390/1,2,3, 391 എന്നിവയിൽ ഉൾപ്പെട്ട 16187 ചതുരശ്ര മീറ്റർ സ്ഥലത്ത് നിർമ്മിച്ച ഗ്രൂപ്പ് ഡി അസംബ്ളി വിഭാഗത്തിൽപ്പെട്ട ഇൻഡോർ സ്റ്റേഡിയം കോംപ്ലക്സ് (G+4, 12367.02 ചതുരശ്ര മീറ്റർ വിസ്തീർണ്ണം) നിബന്ധനകൾക്ക് വിധേയമായി 1,50,13,563.24/-രൂപ (ഒരു കോടി അൻപത് ലക്ഷത്തി പതിമൂവായിരത്തി അഞ്ഞൂറ്റി അറുപത്തിമൂന്ന് രൂപ ഇരുപത്തിനാല് പൈസ) കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി ക്രമവൽക്കരിക്കുന്നതിന് പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കോമ്പൗണ്ടിംഗ് ഫീസ് ഒഴിവാക്കി പരാമർശം2-ലെ സർക്കാർ ഉത്തരവ് പുന പരിശോധിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് രാജീവ് ഗാന്ധി സ്പോർട്ട്സ് സെന്ററിന്റെ ചെയർമാൻ പരാമർശം 3 പ്രകാരം സർക്കാരിൽ പുന പരിശോധന അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ലെ ചട്ടം 7(5) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സർക്കാർ ഇക്കാര്യം പുന പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കോമ്പൗണ്ടിംഗ് ഫീസിൽ കുറവു വരുത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

3. മേൽ സാഹചര്യത്തിൽ കൊച്ചി നഗരസഭയിൽ എളംകുളം വില്ലേജിലെ സർവ്വേ നമ്പർ 378, 385/4,5, 386/1, 387/3, 388/1,2,3, 390/1,2,3, 391 എന്നിവയിൽ ഉൾപ്പെട്ട 16187 ചതുരശ്ര മീറ്റർ സ്ഥലത്ത് നിർമ്മിച്ച ഗ്രൂപ്പ് ഡി അസംബ്ളി വിഭാഗത്തിൽപ്പെട്ട ഇൻഡോർ സ്റ്റേഡിയം കോംപ്ലക്സിന്റെ (G+4, 12367.02 ചതുരശ്ര മീറ്റർ വിസ്തീർണ്ണം) കോമ്പൗണ്ടിംഗ് ഫീസ് 1,50,13,563.24-രൂപയിൽ നിന്നും (ഒരു കോടി അൻപത് ലക്ഷത്തി പതിമൂവായിരത്തി അഞ്ഞൂറ്റി അറുപത്തിമൂന്ന് രൂപ ഇരുപത്തിനാല് പൈസ) 50,00,000/- രൂപ (അൻപത് ലക്ഷം രൂപ ) ഇളവ് നൽകി 1 ,00,13,563.24/-(ഒരു കോടി പതിമൂവായിരത്തി

അഞ്ഞൂറ്റി അറുപത്തിമൂന്ന് രൂപ ഇരുപത്തിനാല് പൈസ) രൂപയായി പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു. പ്രസ്തുത കോമ്പൗണ്ടിംഗ് ഫീസ് 4 തുല്യ തവണകളായി ഈ ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

4 ഓക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന്. മുൻപ് പരാമർശം 2 ലെ സർക്കാർ ഉത്തരവിലെ രണ്ടാം ഖണ്ഡികയിലെ I മുതൽ Iv വരെയുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് കൊച്ചി നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും സമയപരിധിക്കുള്ളിൽ കോമ്പൗണ്ടിംഗ് ഫീസ് അടയ്ക്കാത്തപക്ഷം കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014- ലെ ചട്ടം 6 പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ പി എം മുഹമ്മദ് ഹനീഷ്
ഗവൺമെന്റ് സെക്രട്ടറി

ശ്രീ.എസ്.എ. എസ് നവാസ് ,
സെക്രട്ടറി , റീജിയണൽ സ്പോർട്സ് സെന്റർ, കടവന്ത്ര, എറണാകുളം
സെക്രട്ടറി,കൊച്ചി നഗരസഭ
ചീഫ് ടൗൺ പ്ളാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ളാനർ (വിജിലൻസ്)
സീനിയർ ടൗൺ പ്ളാനർ, എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ